REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 24-02-2025 **സമയം** 06.45 AM

---

## പ്രധാന വാർത്തകൾ

- PM കിസാൻ സമ്മാൻ നിധി പദ്ധതിയുടെ 19-ാം ഗഡു ബിഹാറിലെ ഭഗൽപൂരിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വിതരണം ചെയ്യും.
- രണ്ടാം ഘട്ട മാലിന്യ മുക്ത യജ്ഞത്തിൽ കേരളം പൂർണ്ണമായും മാലിന്യമുക്തമാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- കണ്ണൂർ ആറളം ഫാമിൽ ആദിവാസി ദമ്പതികൾ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടു. മന്ത്രി AK ശശീന്ദ്രന്റെ നേതൃത്വത്തിൽ ഉച്ചകഴിഞ്ഞ് സർവ്വകക്ഷിയോഗം.
- സംസ്ഥാനത്തെ 28 തദ്ദേശവാർഡുകളിൽ ഉപതിരഞ്ഞെടുപ്പിന് വോട്ടെടുപ്പ് അല്പസമയത്തിനകം ആരംഭിക്കും.
- ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഇന്ത്യ നിലവിൽ ചാമ്പ്യൻമാരായ പാകിസ്ഥാനെ 6 വിക്കറ്റിന് തകർത്തു.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി പദ്ധതിയുടെ 19-ാം ഗഡു ബിഹാറിലെ ഭഗൽപൂരിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വിതരണം ചെയ്യും. രാജ്യത്തെ 731 കൃഷി വിജ്ഞാന കേന്ദ്രങ്ങളിലും പരിപാടികൾ സംഘടിപ്പിക്കും.

ഡെസ്ക്ക് റിപ്പോർട്ട്.

....(വോയ്സ്)....

രണ്ടര കോടിയോളം കർഷകർ പരിപാടിയിൽ നേരിട്ടോ വേർച്വലായോ പങ്കെടുക്കും. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് ഇന്ന് കിസാൻ സമ്മാൻ സമരോഹ് ആയി ആചരിക്കുമെന്ന് പരിപാടിയുടെ വിശദാംശങ്ങൾ പങ്കുവെച്ച് കേന്ദ്ര കൃഷി, കർഷക ക്ഷേമ മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു. രാജ്യത്തെ ഒൻപതു കോടി 80 ലക്ഷത്തിലധികം കർഷകർക്ക് നേരിട്ടു ആനുകൂല്യ കൈമാറ്റം വഴി 22,000 കോടി രൂപയുടെ ധനസഹായം ലഭിക്കുമെന്ന് അദ്ദേഹം പറഞ്ഞു. പ്രധാനമന്ത്രി-കിസാൻ പദ്ധതിക്ക് കീഴിൽ രാജ്യത്തെ 11 കോടിയിലധികം കർഷക കുടുംബങ്ങൾക്ക് ഇതുവരെ 3.46 ലക്ഷം കോടിയിലധികം രൂപ വിതരണം ചെയ്തിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

ജനങ്ങളുടെ മനോഭാവ മാറ്റത്തിലൂന്നി രണ്ടാം ഘട്ട മാലിന്യ മുക്ത യജ്ഞത്തിൽ കേരളം പൂർണ്ണമായും മാലിന്യമുക്തമാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കാസർകോട് ജില്ലാപഞ്ചായത്ത് മടിക്കൈ പഞ്ചായത്തിലെ എരിക്കുളത്ത് നിർമ്മിച്ച KM സ്മാരക ജനകീയാസൂത്രണ രജത ജൂബിലി മന്ദിരം നാടിന് സമർപ്പിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. സംസ്ഥാന ഗവൺമെന്റ് അധികാരത്തിൽ എത്തിയ സമയം കേരളത്തിലെ ചുറ്റുപാടുകൾ മാലിന്യം വലിച്ചെറിഞ്ഞ് മാലിന്യ കൂമ്പാരങ്ങൾ നിറഞ്ഞതായിരുന്നു. എന്നാൽ മാലിന്യ മുക്ത പരിപാടികൾ തദ്ദേശ ഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കിയപ്പോൾ ഒരു പരിധിവരെ ഈ പ്രശ്നത്തിൽ കുറവുണ്ടായി. ഇത് പൂർണ്ണതയിൽ എത്തിക്കാൻ ജനകീയ യജ്ഞം സംസ്ഥാനത്ത് നടന്നു വരികയാണെന്നും അതിന്റെ ഭാഗമായി കേരളം പൂർണ്ണ മാലിന്യ മുക്ത സംസ്ഥാനമായി തീരുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ തുടർച്ചയാണ് നവകേരള സൃഷ്ടിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കാസർഗോഡ് ജില്ലാ പഞ്ചായത്ത് അനക്സ് പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു മുഖ്യന്ത്രി.

ജനകീയാസൂത്രണം കാൽ നൂറ്റാണ്ട് പിന്നിടുമ്പോൾ കാലാനുസൃതമായ മാറ്റം തദ്ദേശ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്കും ആവശ്യമാണെന്നും അതിന്റെ ഭാഗമായാണ് കാസർകോട് ജില്ലാ പഞ്ചായത്തിന് ഈ കെട്ടിടം ഒരുക്കിയതെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

ഈ വർഷത്തെ റവന്യൂ ദിനാഘോഷം മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് തിരുവനന്തപുരം വഴുതക്കാട് ടാഗോർ തിയേറ്ററിൽ ഉദ്ഘാടനം

ചെയ്യും. റവന്യൂ, സർവെ വകുപ്പ് ജീവനക്കാർക്ക് പുരസ്കാര 'വിതരണവും മുഖ്യമന്ത്രി നിർവഹിക്കും.

കഴിഞ്ഞ വർഷം റവന്യൂ സർവെ വകുപ്പുകളിൽ മികച്ച പ്രകടനം കാഴ്ച വെച്ച 72 ഉദ്യോഗസ്ഥർക്കാണ് പുരസ്കാരങ്ങൾ നൽകുന്നത്.

✪✪✪

കണ്ണൂർ ആറളം ഫാമിൽ ആദിവാസി ദമ്പതികളായ രണ്ടു പേരെ കാട്ടാന ചവിട്ടി കൊന്നു. കരിക്കാമുക്കിലെ വെള്ളി, ഭാര്യ ലീല എന്നിവരാണ് മരിച്ചത്. അറുപത് വയസിൽ കൂടുതൽ വരുന്ന പട്ടിക വർഗ്ഗത്തിൽ പെട്ട ആദിവസികളാണിവർ. ആറളം ഫാം 13-ാം ബ്ലോക്കിൽ വെച്ചാണ് കാട്ടാനയുടെ മുമ്പിൽ ഇവർ അകപ്പെട്ടത്. ഇന്നലെ ഉച്ചയ്ക്കാണ് സംഭവം ഉണ്ടായതെന്ന് കരുതുന്നു. മൃതദേഹങ്ങൾ വൈകുന്നേരമാണ് കണ്ടെത്തിയത്. വെള്ളിയുടെയും ലീലയുടെയും മൃതദേഹങ്ങൾ ഇന്ന് പോസ്റ്റ് മോർട്ടത്തിന് ശേഷം സംസ്കരിക്കും.

പ്രദേശത്തെ കാട് വെട്ടിത്തെളിയ്ക്കുന്നത് ത്വരിതഗതിയിലാക്കാൻ മന്ത്രി AK ശശീന്ദ്രൻ ആദിവാസി പുനരധിവാസ വികസന മിഷന് നിർദേശം നൽകി. പാതി പൂർത്തിയായ ആനമതിൽ നിർമ്മാണവും പെട്ടെന്ന് പൂർത്തിയാക്കണമെന്നും മന്ത്രി നിർദേശിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.

.......(വോയ്സ്).......

കശുവണ്ടി ശേഖരിക്കുന്നതിനിടെയാണ് ആനയുടെ ആക്രമമുണ്ടായത്. അതിനിടെ മൃതദേഹം മാറ്റാനുള്ള ശ്രമം നാട്ടുകാർ തടഞ്ഞു. വലിയ തോതിലുള്ള സംഘർഷാവസ്ഥയുമുണ്ടായി. എം.എൽ.എയും സബ് കലക്ടറെയും തടയാനുള്ള ശ്രമമുണ്ടായി. രാത്രി 11 30 ഓടെയാണ് അപകട സ്ഥലത്ത് നിന്ന് മൃതദേഹം മാറ്റിയത്. മരിച്ച വെള്ളിയുടെയും ലീലയുടെയും കുടുംബത്തിന് ആകെ 20 ലക്ഷം രൂപയാണ് നഷ്ടപരിഹാരമായി നൽകുക. ആദ്യഗഡുവായ അഞ്ച് ലക്ഷം രൂപ വീതം ഇന്ന് തന്നെ നൽകും. ബാക്കി 10 ലക്ഷം നടപടികൾ പൂർത്തിയാക്കി ഉടൻ കൈമാറും.ഇന്ന് ഉച്ചയ്ക്ക് ശേഷം മന്ത്രി എ.കെ.ശശീന്ദ്രൻ ആറളം ഫാം സന്ദർശിക്കും.തുടർന്ന് മൂന്ന് മണിക്ക് ആറളം പഞ്ചയത്തിലാണ് സർവ്വകക്ഷി യോഗം ചേരുക. രാവിലെ ഉദ്യോഗസ്ഥതലത്തിലുള്ള യോഗം ജില്ലാ കലക്ടർ വിളിച്ചിട്ടുണ്ട്. 13-ാം ബ്ലോക്കിലും ഫാമിലും നിലയുറപ്പിച്ചിരിക്കുന്ന കാട്ടാനകളെ വന്യജീവി സങ്കേതത്തിലേക്ക് തുരത്താനുള്ള നടപടി ശക്തമാക്കാൻ വനം വകുപ്പിന് നിർദേശം നൽകി.

✪✪✪

ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ ഗവൺമെന്റിന് സാധിക്കുന്നില്ലെന്ന് ആരോപിച്ച് BJP ആറളം പഞ്ചായത്തിൽ ഹർത്താൽ ആരംഭിച്ചു. ആറളത്തെ ജനങ്ങളുടെ സുരക്ഷയ്ക്കായി മുഖ്യമന്ത്രി നേരിട്ട് ഇടപെടണമെന്ന് സണ്ണി ജോസഫ് MLA ആവശ്യപ്പെട്ടു.

✪✪✪

അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്ന യുവതി മരിച്ചു. കൊയിലാണ്ടി പൊയിൽകാവ് സ്വദേശി സഫ്നയാണ് മരിച്ചത്. 39 വയസ്സായിരുന്നു.

പനിയും തലവേദനയും വന്നതിനെ തുടർന്ന് ഈ മാസം രണ്ടിന് മെഡിക്കൽ കോളേജിൽ നടത്തിയ പരിശോധനയിലാണ് രോഗം സ്ഥിരീകരിച്ചത്. തുടക്കത്തിൽ ആരോഗ്യനില തൃപ്തികരമായിരുന്നെങ്കിലും പിന്നീട് വിദേശത്ത് നിന്നെത്തിച്ച മരുന്നടക്കം ഫലിക്കാതെ വന്നതോടെ നില മോശമാവുകയായിരുന്നു. ഇവരുടെ സാമ്പിൾ പരിശോധന ഫലം ലഭിക്കാനുണ്ട്.

കുളത്തിലോ സ്വിമ്മിംഗ് പൂളിലോ കുളിച്ചിട്ടില്ല എന്നതിനാൽ രോഗ ഉറവിടം വ്യക്തമായിട്ടില്ലെന്ന് അധികൃതർ അറിയിച്ചു.

✪✪✪

സംസ്ഥാനത്തെ 28 തദ്ദേശവാർഡുകളിൽ ഉപതിരഞ്ഞെടുപ്പിന് വോട്ടെടുപ്പ് അല്പസമയത്തിനകം ആരംഭിക്കും. രാവിലെ ഏഴ് മുതൽ വൈകിട്ട് ആറ് വരെയാണ് വോട്ടെടുപ്പ്.

വയനാട് ഒഴികെ 13 ജില്ലകളിലെ 30 വാർഡുകളിലാണ് ഉപതിരഞ്ഞെടുപ്പിന് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നത്.

കാസർകോട് ജില്ലയിൽ മടിക്കൈ ഗ്രാമപഞ്ചായത്തിലെ കോളിക്കുന്ന്, കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിലെ പള്ളിപ്പാറ വാർഡുകളിൽ സ്ഥാനാർത്ഥികൾ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടിരുന്നു.

ഒരു കോർപ്പറേഷൻ വാർഡ്, രണ്ട് ബ്ലോക്ക്പഞ്ചായത്ത് വാർഡുകൾ, മൂന്ന് മുനിസിപ്പാലിറ്റി വാർഡുകൾ, 22 ഗ്രാമപഞ്ചായത്ത് വാർഡുകൾ എന്നിവയിലേയ്ക്കാണ് ഇന്ന് വോട്ടെടുപ്പ്.

✪✪✪

ICC പുരുഷ ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഇന്ത്യ നിലവിൽ ചാമ്പ്യൻമാരായ പാകിസ്ഥാനെ 6 വിക്കറ്റിന് തകർത്തു.

ദുബായ് ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ നടന്ന ഗ്രൂപ്പ് A മത്സരത്തിൽ പാകിസ്ഥാൻ ഉയർത്തിയ 242 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇന്ത്യ 42.3 ഓവറിൽ നാല് വിക്കറ്റ് നഷ്ടത്തിൽ 244 റൺസെടുത്തു. വിജയത്തോടെ ഗ്രൂപ്പ് A യിൽ നാല് പോയിന്റുമായി ഒന്നാം സ്ഥാനത്തെത്തിയ ഇന്ത്യ സെമിഫൈനൽ സാധ്യത ഉറപ്പാക്കി.

അതേസമയം, ഗ്രൂപ്പിലെ ആദ്യ രണ്ട് മത്സരങ്ങളും തോറ്റ പാകിസ്ഥാൻ പുറത്താകലിന്റെ വക്കിലാണ്.

ന്യൂസ് ഡെസ്ക്ക് തയ്യാറാക്കിയ റിപ്പോർട്ട്.

.....(വോയ്സ്).....

ചാമ്പ്യൻസ് ട്രോഫിയിലെ ആവേശ പ്രകടനത്തിൽ സൂപ്പർ താരം വിരാട് കോഹ്‌ലിയുടെ 51-ാം ഏകദിന സെഞ്ചുറിയുടെ ബലത്തിലാണ് ഇന്ത്യ, പാകിസ്ഥാനെ ആറു വിക്കറ്റിനു തോൽപ്പിച്ചത്. 111 പന്തിൽ ഏഴ് ഫോർ അടക്കം പുറത്താകാതെ കോഹ്-ലി 100 റൺസ് നേടി. അദ്ദേഹത്തെ കളിയിലെ താരമായി പ്രഖ്യാപിച്ചു. ശ്രേയസ് അയ്യർ 56 ഉം ശുഭ്മാൻ ഗിൽ 46 ഉം റൺസെടുത്തു. പാക്കിസ്ഥാനുവേണ്ടി ഷഹീൻ അഫ്രീദി രണ്ടും അബ്രാർ അഹമ്മദ്, ഖുശ്ദിൽ ഷാ എന്നിവർ ഓരോ വിക്കറ്റും വീഴ്ത്തി.

ടോസ് നേടി ബാറ്റിംഗ് തിരഞ്ഞെടുത്ത പാകിസ്ഥാനെ, ഇന്ത്യ 49.4 ഓവറിൽ 241 റൺസിൽ ഒതുക്കി.

മത്സരത്തിൽ വിരാട് കോഹ്-ലി അപൂർവ്വ നാഴികക്കല്ലുകൾ പിന്നിട്ടു. ഏകദിനത്തിൽ ഏറ്റവും വേഗത്തിൽ 14,000 റൺസ് നേടുന്ന ലോക റെക്കോർഡ് സ്വന്തമാക്കിയ കോലി, 14,000 റൺസ് ക്ലബിലെത്തുന്ന മൂന്നാമത്തെ താരമായി. ക്രിക്കറ്റ് ഇതിഹാസം സച്ചിൻ തെൻഡുൽക്കറെയാണ് അദ്ദേഹം മറികടന്നത്. ഏറ്റവും കുറച്ച് ഇന്നിംഗ്സുകളിൽ ഈ നേട്ടം കൈവരിക്കുന്ന താരമെന്ന റെക്കോർഡും കോലി സ്വന്തമാക്കി.

മുൻ ക്യാപ്റ്റൻ മുഹമ്മദ് അസ്ഹറുദ്ദീന്റെ 156 ക്യാച്ചുകളുടെ റെക്കോർഡും അദ്ദേഹം മറികടന്നു. 158 റൺസുമായി, ഏകദിനത്തിൽ ഏറ്റവും കൂടുതൽ ക്യാച്ച് നേടിയ ഇന്ത്യൻ താരമെന്ന ബഹുമതിയും അദ്ദേഹം സ്വന്തം പേരിൽ കുറിച്ചു.

ഗ്രൂപ്പ് A യിലെ മറ്റൊരു മത്സരത്തിൽ ഇന്ന് ന്യൂസിലൻഡ് ബംഗ്ലാദേശിനെ നേരിടും. പാക്കിസ്ഥാനിലെ റാവൽപിണ്ടിയിൽ ഇന്ത്യൻ സമയം ഉച്ചയ്ക്ക് 2.30നാണ് മത്സരം. ഇന്ത്യയുടെ അടുത്ത മത്സരം മാർച്ച് രണ്ടിന് ന്യൂസിലാൻഡിനെതിരെയാണ്.

✪✪✪

ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ പാക്കിസ്ഥാനെ ആറ് വിക്കറ്റിന് തോൽപ്പിച്ച ടീം ഇന്ത്യയെ കേന്ദ്രമന്ത്രിമാരായ അമിത് ഷായും, ഡോ. മൻസൂഖ് മാണ്ഡവ്യയും, J.P നദ്ദയും അഭിനന്ദിച്ചു.

ഇന്ത്യൻ താരങ്ങളുടെ പ്രകടനത്തെ ലോക് സഭയിലെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി മാസ്റ്റർ ക്ലാസ് എന്നാണ് വിശേഷിപ്പിച്ചത്.

✪✪✪

ISL ഫുട്ബോളിൽ മോഹൻ ബഗാൻ സൂപ്പർ ജയന്റ്, ഒഡീഷയെ പരാജയപ്പെടുത്തി. കൊൽക്കത്തയിൽ എതിരില്ലാത്ത ഒരു ഗോളിനാണ് മോഹൻ ബഗാന്റെ ജയം. ഇതോടെ ISL 2024-25 സീസണിലെ വിന്നേഴ്സ് ഷീൽഡ് മോഹൻബഗാൻ ഉറപ്പാക്കി.

വിജയത്തോടെ 52 പോയിന്റുമായി ലീഗ് ടേബിളിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്ന മോഹൻ ബഗാൻ, രണ്ടാം സ്ഥാനക്കാരായ FC ഗോവയെക്കാൾ പത്ത് പോയിന്റ് മുന്നിലാണ്. ശേഷിക്കുന്ന മൂന്ന് മത്സരങ്ങളിൽ വിജയിച്ചാലും മോഹൻ ബഗാനെ മറികടക്കാനോ ഒപ്പമെത്താനോ ഗോവയ്ക്ക് കഴിയില്ല. ഇതോടെയാണ് മോഹൻ ബഗാൻ ലീഗ് ഷീൽഡ് ഉറപ്പിച്ചത്.

ഇന്ന് മത്സരമില്ല. നാളെ ബംഗലൂരുവിൽ ബംഗലൂരു FC, ചെന്നൈയിൻ FC യെ നേരിടും.

✪✪✪

മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളം വ്യത്യസ്തമാകുന്നതിന്റെ പ്രധാന കാരണങ്ങളിൽ ഒന്ന് സംസ്ഥാനത്തെ ജനകീയ സഹകരണ പ്രസ്ഥാനങ്ങളുടെ വളർച്ചയാണെന്ന് നിയമസഭാ സ്പീക്കർ A.N ഷംസീർ അഭിപ്രായപ്പെട്ടു. വടകര വില്യാപ്പള്ളി വനിത സഹകരണ സൊസൈറ്റി പണിക്കോട്ടി റോഡ് ശാഖയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു സ്പീക്കർ.

കഴിഞ്ഞ ഒരു വർഷം മാത്രം 21,000 കോടിയോളം രൂപയുടെ അധിക നിക്ഷേപം സഹകരണ മേഖല സമാഹരിച്ചുവെന്നും, ഇത് സഹകരണ മേഖലയുടെ ജനകീയ അടിത്തറയെയാണ് സൂചിപ്പിക്കുന്നതെന്നും സ്പീക്കർ പറഞ്ഞു.

✪✪✪

പത്തനംതിട്ട ജില്ലയിൽ ശബരിമല പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ മണ്ഡലങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികൾക്കായി 43.5 കോടി രൂപ അനുവദിച്ചതായി മന്ത്രി P.A മുഹമ്മദ് റിയാസ് അറിയിച്ചു. റാന്നി

മഠത്തുംചാൽ - മുക്കൂട്ടുതറ റോഡിന്റെ രണ്ടാംഘട്ട നിർമ്മാണോദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു മന്ത്രി.

✪✪✪

പഠനത്തോടൊപ്പം മാനസിക ഐക്യവും കൈവരിക്കാൻ വിദ്യാർത്ഥികൾക്ക് കഴിയുന്നതിനാൽ സ്കൂൾ വിദ്യാഭ്യാസം വളരെ പ്രാധാന്യമേറിയതാണെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. പയ്യോളി തിക്കോടിയൻ സ്മാരക ഗവ. വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ 'സർഗായനം 2025', വാർഷികാഘോഷവും യാത്രയയപ്പ് സമ്മേളനവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

കേരളത്തിൽ ഇനി ഒരു CPIM ഭരണം ജനങ്ങൾ ആഗ്രഹിക്കുന്നില്ലെന്നും ഒന്നിച്ചു നിന്നാൽ UDF ന് അധികാരത്തിലെത്താൻ വിഷമമില്ലെന്നും AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ എംപി പറഞ്ഞു. പത്തനംതിട്ട DCC സംഘടിപ്പിച്ച സമ്പൂർണ നേതൃസംഗമത്തിൽ വാർഡ്, മണ്ഡലം, ബ്ലോക്ക് പ്രസിഡൻറുമാർക്കു തിരിച്ചറിയൽ കാർഡ് വിതരണോദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: ഹക്കീം കൂട്ടായി*
*Casual Newsreader: അനുഷ ആത്മപ്രകാശ്*
*DEO: ഷീബ*